പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3346 — 18.2.2013-ൽ മറുപടിക്ക്

## നഗരഭരണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | എസ്.ജെ.എസ്.ആർ.വൈ പദ്ധതി പ്രകാരം നടപ്പു വർഷംഎന്തു തുക ഫണ്ടായി ലഭിച്ചിട്ടുണ്ട് ; എന്തു തുക ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർ തൊഴിൽ സംരംഭം തുടങ്ങിയിട്ടുണ്ട്; എത്ര പേർക്ക് വേതന അടിസ്ഥാന ത്തിൽ തൊഴിൽ നൽകിയിട്ടുണ്ട് ; നഗരസഭ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | എ) | എസ്.ജെ.എസ്.ആർ.വൈ പദ്ധതി പ്രകാരം നടപ്പു വർഷം 13,17,29000/- രൂപ (പതിമൂന്നുകോടി പതിനേഴു ലക്ഷത്തി ഇരുപത്തൊമ്പതിനായിരം രൂപ) ഫണ്ടായി ലഭിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം 1666.27 ലക്ഷം രൂപ ചെലവഴിച്ചു. 12,426 ഗുണഭോക്താ ക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു. നഗരസഭ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| ബി) | സംയോജിത പാർപ്പിട, ചേരിവികസന പദ്ധതി പ്രകാരം നടപ്പു വർഷം ലഭി ച്ചതും ചെലവഴിച്ചതുമായ ഫണ്ട് എത്രയാണ്; എത്ര ഭവനം നിർമ്മിച്ചി ട്ടുണ്ട്; എത്രപേർക്ക് ഭവനനിർമ്മാണമ ല്ലാതെ ഇതു വഴി മറ്റ് പ്രയോജനം ലഭിച്ചിട്ടുണ്ട്; എന്തൊക്കെ പ്രയോജന ങ്ങൾ ആണ് ലഭിച്ചിട്ടുള്ളത്; നഗരസഭ തിരിച്ച് കണക്കു വ്യക്തമാക്കുമോ ; | ബി) | ഐ.എച്ച്.എസ്.ഡി.പി പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷം 1390.036 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 1169 ലക്ഷം രൂപ ചെലവഴിച്ചു. 1147 വീടുകളുടെ നിർമ്മാണം പൂർത്തിയായി ട്ടുണ്ട്.<br>ഭവനനിർമ്മാണത്തിനു പുറമേ വീടുകളുടെ പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം അടിസ്ഥാന സൗകര്യവികസന പ്രവൃത്തികൾ എന്നീ ഇനങ്ങളിൽ 9350 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു). |
| സി) | രാജീവ് ആവാസ് യോജനയുടെ ഭാഗ മായി ചേരി നിവാസികൾക്ക് അവർ താമസിക്കുന്ന കെട്ടിടത്തിന്റെയും സ്ഥല ത്തിന്റെയും ഉടമസ്ഥാവകാശം നൽകു ന്നതിനുള്ള നിയമ നിർമ്മാണം നടത്ത ണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാന ത്തിൽ എന്തൊക്കെ നടപടികൾ സ്വീക രിച്ചു ;<br>നിയമ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ; | സി) & ഡി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| ഡി) | പുതിയതായി സർക്കാരും സ്വകാര്യ സ്ഥാപനങ്ങളും താമസ സൗകര്യം ഉണ്ടാക്കുന്നതിനു വേണ്ടി വികസി | | |